പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4504 — 13/11/2019 ൽ മറുപടിക്ക്

## ഗോസമൃദ്ധി പ്ലസ് പദ്ധതി

ചോദ്യം — മറുപടി

ശ്രീ.പി.കെ. ശശി — അഡ്വ .കെ.രാജു (വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ ക്ഷീര കർഷകർക്കും കന്നുകാലികൾക്കും ഇൻഷുറൻസ് പരിരക്ഷ നൽകുന്ന ഗോസമൃദ്ധി പ്ലസ് എന്ന പദ്ധതിയിൽ ഇതുവരെ എത്ര കർഷകർ അംഗങ്ങളായിട്ടുണ്ട് എന്നറിയിക്കാമോ; | എ) | സംസ്ഥാനത്തെ ക്ഷീര കർഷകർക്കും കന്നുകാലികൾക്കും മൃഗസംരക്ഷണ വകുപ്പ് മുഖേന നടപ്പാക്കിയ ഗോസമൃദ്ധി പ്ലസ് 2018-19 പദ്ധതിയിലൂടെ ചുവടെ ചേർത്തിരിക്കുന്ന പ്രകാരം ഇൻഷുറൻസ് പരിരക്ഷ നൽകി.<br>ഇൻഷ്വർ ചെയ്ത ഉരുക്കളുടെ എണ്ണം<br>1 വർഷം -20176<br>3 വർഷം -19836<br>ആകെ 40012<br>ഇൻഷ്വർ ചെയ്ത ക്ഷീരകർഷകരുടെ എണ്ണം<br>1 വർഷം -12485<br>3 വർഷം - 13587<br>ആകെ 26072 |
| ബി) | ഈ പദ്ധതിയുടെ മാനദണ്ഡങ്ങളും അപേക്ഷിക്കേണ്ട രീതിയും വിശദമാക്കാമോ? | ബി) | <u>ഗോസമൃദ്ധി പ്ലസ് 2018-19 പദ്ധതിക്ക് അപേക്ഷിക്കേണ്ട വിധം :</u><br>• അപേക്ഷകൻ പഞ്ചായത്തിലെ സർക്കാർ മൃഗാശുപത്രിയിലെ വെറ്ററിനറി സർജനെ സമീപിക്കുക.<br>• സർക്കാർ വെറ്ററിനറി സർജൻ കർഷകന്റെ ഭവനം സന്ദർശിച്ച്, ഉരുവിനെ പരിശോധിച്ച്, ഉരുവിനെ Eartag ചെയ്യുന്നു.<br>• വകുപ്പിന്റെ ഭൂമിക ആപ്പ് മുഖേന കർഷകനെയും ഭവനത്തെയും ജിയോമാപ്പ് (Geomapping) ചെയ്യുന്നു.<br>• ഉരുവിന്റെയും കർഷകന്റെയും വിവരങ്ങൾ വകുപ്പിന്റെ insurance management portal മുഖേന വെറ്ററിനറി സർജൻ enter ചെയ്യുകയും പ്രീമിയം തുക ബാങ്ക്/ഇൻഷ്വറൻസ് കമ്പനി മുഖേന അടക്കുകയും ചെയ്യുന്നു. |

• പ്രീമിയം തുക അടച്ച വിവരങ്ങൾ വകുപ്പിന്റെ പോർട്ടലിൽ വെറ്ററിനറി സർജൻ അപ്‌ലോഡ് ചെയ്യുന്നു. തൽസമയം ടി അപേക്ഷ കമ്പനിക്ക് ഓൺലൈനായി ലഭ്യമാകുന്നു. ആയത് കമ്പനി പോളിസിയാക്കി വകുപ്പിന്റെ പോർട്ടലിൽ അപ്‌ലോഡ് ചെയ്യുകയും, വെറ്ററിനറി സർജൻ ഈ പോളിസിയുടെ പ്രിന്റ് എടുത്ത് കർഷകന് നൽകുകയും ചെയ്യുന്നു.

<u>ഗോസമൃദ്ധി പ്ലസ് 2018-19 പദ്ധതിയുടെ മാനദണ്ഡങ്ങൾ :</u>

- കേരള സംസ്ഥാനത്തുള്ള കർഷകനായിരിക്കണം.
- മൃഗസംരക്ഷണ വകുപ്പിന്റെ ഫാർമേഴ്സ് രജിസ്ട്രേഷൻ നടത്തിയിരിക്കണം.
- BPL, എസ്.സി /എസ്.ടി, വിധവകളായ സ്ത്രീകൾ എന്നിവർക്ക് പദ്ധതിയിൽ അംഗങ്ങളാകുവാൻ മുൻഗണന നൽകുന്നതാണ്.
- കറവയുള്ള പശുക്കൾ/ എരുമകൾ, 7 മാസത്തിന് മുകളിൽ ഗർഭമുള്ള കിടാരികൾ / എരുമക്കുട്ടികൾ എന്നിവയെ ഇൻഷ്വർ ചെയ്യാം.
- സങ്കരയിനം പശുക്കളെ 50,000 രൂപ വരെയും, നാടൻ പശുക്കളെ 25,000 രൂപ വരെയുമുള്ള മതിപ്പുവിലയ്ക്കാണ് ഇൻഷ്വർ ചെയ്യാവുന്നത്.
- 1 വർഷം/ 3 വർഷം എന്ന നിലയിൽ കർഷകർക്ക് ഇൻഷ്വർ ചെയ്യുവാൻ കഴിയും.
- 50,000 രൂപ വരെ മതിപ്പുവിലയുള്ള ഉരുവിന് ജനറൽ വിഭാഗത്തിന് പ്രീമിയം തുകയുടെ 50 % ഉം, എസ്.സി / എസ്.ടി വിഭാഗത്തിന് 70 % ഉം സർക്കാർ സബ്സിഡി നൽകുന്നതാണ്.
- ഇൻഷ്വർ ചെയ്യുന്ന ഉരുവിന്റെ ഉടമയായ കർഷകന് പൂർണ്ണമോ ഭാഗികമോ ആയ അംഗവൈകല്യത്തിനും അപകടമരണത്തിനും പരാമാവധി 2 ലക്ഷം രൂപ വരെ ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാണ്.
- വിൽക്കുമ്പോളും ഉരുവിന്റെ പോളിസി കൈമാറാൻ കഴിയും.
- പ്രതിരോധ കുത്തിവെയ്പുകൾ നിർബന്ധമായും എടുത്തിരിക്കണം

**.ഗോസമൃദ്ധി പ്ലസ് 2019-20**

നടപ്പുസാമ്പത്തിക വർഷം നിർവ്വഹണം ആരംഭിക്കുന്ന ഗോസമൃദ്ധി പ്ലസ് 2019-20, എൻ.എൽ.എം 2018-19 എന്നീ പദ്ധതികൾ മുഖാന്തിരം ഉരുക്കൾക്കും കർഷകനും ഒരേ

| | | | |
|---|---|---|---|
| | | | സമയം ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കുന്നു.<br>ടി പദ്ധതിയിൽ അംഗമാകുവാൻ അതാത് പഞ്ചായത്തിലെ മൃഗാശുപത്രികളെ സമീപിക്കേണ്ടതാണ്.<br>. കറവയുള്ള പശുക്കൾ/ എരുമകൾ, 7 മാസത്തിനുമുകളിൽ ഗർഭമുള്ള കിടാരികൾ/ എരുമക്കുട്ടികൾ എന്നിവയെ ഇൻഷുർ ചെയ്യാവുന്നതാണ്. ഒരു വർഷം, മൂന്ന് വർഷം എന്നീ കാലയളവുകളിലേക്ക് ഇൻഷുറൻസ് പരിരക്ഷ.<br>. ഉരുക്കളുടെ മരണം (death), ഉത്പാദ പ്രത്യുത്പാദന ക്ഷമത നഷ്ടം (PTD) എന്നിവയ്ക്ക് പരിരക്ഷ.<br>. മൃഗസംരക്ഷണ വകുപ്പിലെ വെറ്ററിനറി ഡോക്ടർമാർ ഉരുവിനെ തിരിച്ചറിയുവാനായി Eartag ചെയ്യുന്നു. തുടർന്ന് വകുപ്പിന്റെ "ഭൂമിക" ആപ് മുഖേന ക്ഷീരകർഷകരെ പൂർണ്ണമായും "ജിയോ മാപ്പിംഗ് " ചെയ്ത് അവർക്ക് തിരിച്ചറിയൽ നമ്പർ (Farmer ID) നൽകുന്നു.<br>. പൂർണ്ണമായും വകുപ്പിന്റെ ഓൺലൈൻ പോർട്ടൽ വഴിയാണ് ഇൻഷുറൻസ് പദ്ധതി നടപ്പാക്കുന്നത്.<br>.സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ online platform ആയ "SBI collect" മുഖാന്തിരമാണ് കർഷകവിഹിതം സമാഹരിക്കുന്നത്. Credit card/debit card/online payment/direct remittance തുടങ്ങി വിവിധ രീതിയിൽ കർഷകർക്ക് ആയാസരഹിതമായി പ്രീമിയം അടയ്ക്കാവുന്നതാണ്. ഇതിനായി കർഷകർ ഇൻഷുറൻസ് കമ്പനിയിൽ നേരിട്ട് പോകേണ്ടതില്ല.<br>.സങ്കരയിനം പശുക്കൾക്ക് 65,000 രൂപ വരെ വിലയുള്ള ജനറൽ വിഭാഗത്തിന് പ്രീമിയം തുകയുടെ 50% വും, എസ് സി/എസ് ടി വിഭാഗത്തിന് 70% വും സബ്സിഡി നൽകുന്നതാണ്.<br>. 65,000 രൂപയ്ക്ക് മുകളിലുള്ള ഉരുവിന്റെ വിലയുടെ പ്രീമിയം പൂർണ്ണമായും ഗുണഭോക്താവ് വഹിക്കേണ്ടതാണ്. നാടൻ പശുക്കൾക്ക് നിബന്ധനകൾക്ക് വിധേയമായി ഇൻഷുറൻസ് പരിരക്ഷ നൽകുന്നതാണ്. പ്രീമിയം നിരക്ക് ഒരു വർഷത്തേക്ക് ഉരുവിന്റെ വിലയുടെ 2.15%, 3 വർഷത്തേക്ക് 5.419%.<br>.ഒരു ലക്ഷം രൂപ വരെ വിലയുള്ള ഉരുവിന്റെ ഇതേ പ്രീമിയം നിരക്കിൽ ഇൻഷുർ ചെയ്യാമെന്നുള്ളത് ഈ പദ്ധതിയുടെ അധികനേട്ടമാണ്.<br>. കർഷകന് പൂർണ്ണമോ ഭാഗികമോ ആയ അംഗവൈകല്യത്തിനും അപകടമരണത്തിനും പരാമാവധി 2 ലക്ഷം രൂപ വരെ ഇൻഷുറൻസ് പരിരക്ഷ<br>. സമയബന്ധിതമായ നഷ്ടപരിഹാര തുക (claim amount) കർഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകുന്നു.<br>.തിരിച്ചറിയുവാനായി ഉരുവിന്റെ കാതിലിടുന്നകമ്മൽ (ear |

| | | | |
|---|---|---|---|
| | | | tag) ക്ലെയിം ലഭിക്കുവാൻ അനിവാര്യമാണ്.<br>•കമ്മൽ (ear tag) നഷ്ടപ്പെടുന്ന സാഹചര്യത്തിൽ വെറ്ററിനറി ഡോക്ടറുടെ സഹായത്തോടെ വീണ്ടും കമ്മലടിച്ച് (re-tagging) ഇൻഷുറൻസ് കമ്പനിയെ അറിയിക്കേണ്ടതാണ്.<br>• ഉരുവിന് മരണം സംഭവിച്ചാൽ നഷ്ടപരിഹാരത്തിനായി മൃഗസംരക്ഷണ വകുപ്പിലെ വെറ്ററിനറി ഡോക്ടറുടെ പോസ്റ്റ്-മോർട്ടം റിപ്പോർട്ട് സഹിതം ക്ലെയിമിനുള്ള അപേക്ഷ രണ്ടാഴ്ചയ്ക്കുള്ളിൽ സമർപ്പിക്കേണ്ടതാണ്.<br>•ഗോസമൃദ്ധി പദ്ധതിപ്രകാരം അത്യുത്പാദന ശേഷിയുള്ള 50,000 ഉരുക്കളെ ഇൻഷുർ ചെയ്യുന്നു.<br>• പദ്ധതി സംസ്ഥാനത്തെ എല്ലാ മൃഗാശുപത്രികൾ വഴിയും നടപ്പിലാക്കുന്നു.<br>• 5 കോടി രൂപയാണ് പദ്ധതിക്കായി കേരള സർക്കാർ വകയിരുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ